# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.262 | 08/06/2015 ൽ മറുപടിക്ക് |
|---|---|

**ബാർ കോഴ ഇടപാടിലെ വിജിലൻസ് അന്വേഷണം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.വി.വിജയദാസ്<br>ശ്രീ.സാജുപോൾ<br>ശ്രീ.കെ.കെ.നാരായണൻ<br>ശ്രീ.എ.എം.ആരിഫ് | | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) | |
| (എ) | ബാർ കോഴ ഇടപാടുകൾ അന്വേഷിക്കുന്ന വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ടോ ; | (എ) | ഇല്ല. |
| (ബി) | ബാർ കോഴ ഇടപാടുകളിൽ ആരോപണ വിധേയരായിട്ടുള്ള മന്ത്രിമാർ ആരൊക്കെയാണ് ; എന്തെല്ലാം കുറ്റകൃത്യങ്ങളാണ് ആരോപണങ്ങളിൽ അടങ്ങിയിരിക്കുന്നത് ; ഏതെല്ലാം എഫ്.ഐ.ആറുകളിൽ ഏതെല്ലാം മന്ത്രിമാർ പ്രതികളായിരുന്നു ; | (ബി) യും (സി) യും | (1) ബാർ കോഴയുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പ് മന്ത്രി ശ്രീ.കെ.എം.മാണിക്കെതിരെ വി.സി.06/14/എസ്.ഐ.യു.-I എന്ന നമ്പരിൽ ഒരു വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ശ്രീ.കെ.എം.മാണി ഒരു കോടി രൂപ ബാർ ഉടമകളിൽ നിന്ന് കൈക്കൂലി ആവശ്യപ്പെട്ടു എന്ന ആരോപണത്തിന്റെ അടിസ്ഥാനത്തിലാണ് വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തത്.<br>(2) ബാർ അസോസിയേഷൻ വർക്കിംഗ് പ്രസിഡന്റ് ശ്രീ.ബിജു രമേശ് വി.സി.06/14/എസ്.ഐ.യു-I എന്ന കേസിന്റെ അന്വേഷണത്തിന്റെ ഭാഗമായി മജിസ്ട്രേറ്റ് മുമ്പാകെ നൽകിയ മൊഴിയിൽ എക്സൈസ് വകുപ്പുമന്ത്രി ശ്രീ.കെ.ബാബു ബാർ ഉടമകളിൽനിന്നും രൂപ വാങ്ങിയതായുള്ള വിവരത്തിന്റെ അടിസ്ഥാനത്തിൽ ഒരു പ്രാഥമിക അന്വേഷണം നടന്നുവരുന്നു. |
| (സി) | സി.ആർ.പി.സി. സെക്ഷൻ 164 സ്റ്റേറ്റ്മെന്റിലൂടെ ബാർ ഹോട്ടൽ അസോസിയേഷൻ വർക്കിംഗ് പ്രസിഡന്റ് ഉന്നയിച്ച ആരോപണങ്ങൾ എന്തെല്ലാം ; ഏതെല്ലാം മന്ത്രിമാരുടെ കുറ്റകൃത്യങ്ങളാണ് ആരോപിക്കപ്പെട്ടത് ; | | |
| (ഡി) | നിലവിലെ മന്ത്രിസഭയിലെ മന്ത്രിമാർക്കെതിരെ ഗുരുതരമായ ആരോപണങ്ങൾ തെളിവുകൾ സഹിതം ഉന്നയിക്കപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിജിലൻസ് അതിന്റെ നിയമപരമായ കടമ നിറവേറ്റുന്നുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് ; അന്വേഷണം നേരിടുന്ന മന്ത്രിമാരുടെ സമ്മർദ്ദങ്ങൾ കൊണ്ട് വിജിലൻസിന് സ്വതന്ത്രമായി പ്രവർത്തിക്കാൻ കഴിയുന്നില്ലെന്ന ആക്ഷേപങ്ങൾ പരിഗണിച്ചിട്ടുണ്ടോ ? | (ഡി) | പ്രസ്തുത വിഷയങ്ങളുമായി ബന്ധപ്പെട്ട് നടക്കുന്ന അന്വേഷണങ്ങൾ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ കാര്യക്ഷമമായും , നിഷ്പക്ഷമായും അന്വേഷിച്ച് വരുന്നുണ്ട്. ഇക്കാര്യത്തിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ മേൽ യാതൊരു സമ്മർദ്ദവുമില്ല. |

സെക്ഷൻ ഓഫീസർ